## പതിനാലാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം
നം: 4074

16-05-2017- ൽ
മറുപടിയ്ക്ക്

## നൂനപക്ഷ ക്ഷേമത്തിനായി പുതിയ പദ്ധതികൾ

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ. അബ്ദുൽ ഹമീദ് പി.** | **ശ്രീ. കെ.ടി. ജലീൽ**<br>**(തദ്ദേശസ്വയംഭരണവും നൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി)** |
| (എ) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം നൂനപക്ഷക്ഷേമത്തിനായി സ്വീകരിച്ച നടപടികൾ എന്തൊക്കെയെന്ന് വ്യക്തമാക്കുമോ; | (എ) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം നൂനപക്ഷക്ഷേമം മുൻ നിർത്തി വിവിധ സ്കോളർഷിപ്പുകൾ, കരിയർ ഗൈഡൻസ് ക്യാമ്പുകൾ, ഭവന നിർമ്മാണ പദ്ധതി, കുടിവെള്ള വിതരണ പദ്ധതി, കേന്ദ്രാവിഷ്കൃത പദ്ധതിയായ ബഹുമുഖ വികസന പദ്ധതി തുടങ്ങിയവ ഫലപ്രദമായി നടപ്പിലാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. |
| (ബി) നൂനപക്ഷക്ഷേമത്തിനായി നടപ്പിലാക്കി വരുന്ന പദ്ധതികളുടെ നിലവിലെ സ്ഥിതി സംബന്ധിച്ചുള്ള വിശദാംശങ്ങൾ ലഭ്യമാക്കുമോ? | ബി) വകുപ്പ് മുഖേന നടപ്പിലാക്കി വരുന്ന പദ്ധതികളുടെ 2016-17 സാമ്പത്തിക വർഷത്തെ സ്ഥിതി വിവരം ചുവടെ ചേർക്കുന്നു.<br>1) സി.എ./ഐ.സി.ഡബ്ല്യു.എ./സി.എസ് എന്നീ കോഴ്സുകൾക്ക് പഠിക്കുന്ന 1333 പേർക്ക് സ്കോളർഷിപ്പ് അനുവദിച്ചു. ഇതിനായി 1,99,95,000/ രൂപ ചെലവഴിച്ചിട്ടുണ്ട്.<br>2) വിധവ/വിവാഹബന്ധംവേർപ്പെടുത്തിയ/ഉപേക്ഷിക്കപ്പെട്ട സ്ത്രീകൾക്കുള്ള ഇമ്പിച്ചിബാവ ഭവന നിർമ്മാണ പദ്ധതിയിൽ 1240 വീടുകൾ അനുവദിച്ചു. ഇതിനായി 31 കോടി രൂപ ബന്ധപ്പെട്ട ജില്ലാ കളക്ടർമാർക്ക് കൈമാറിയിട്ടുണ്ട്.<br>3) ഹൈസ്കൂൾ, ഹയർ സെക്കൻററി ക്ലാസുകളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്കായുള്ള രണ്ട് ദിവസത്തെ സൗജന്യ കരിയർ ഗൈഡൻസ് പരിശീലനവുമായി ബന്ധപ്പെട്ട് 95 ക്യാമ്പുകൾ നിലവിൽ സംഘടിപ്പിച്ചിട്ടുണ്ട്. ഇതിലേക്കായി 95 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്.<br>4) സ്വകാര്യ ഐ.റ്റി.ഐ. / ഐ.റ്റി.സി. കോഴ്സുകൾക്ക് പഠിക്കുന്ന നൂനപക്ഷ ബി.പി.എൽ വിദ്യാർത്ഥികൾക്ക് ഫീ -റീ ഇംബേഴ്സ്മെൻറ് 1871 വിദ്യാർത്ഥികൾക്ക് അനുവദിച്ചു. ഇതിലേക്കായി 3 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്.<br>5) SSLC/പ്ലസ്ടു/വി.എച്ച്.എസ്.ഇ/ബിരുദ/ബിരുദാനന്തരബിരുദ തലങ്ങളിൽ ഉന്നത വിജയം നേടിയ നൂനപക്ഷ മതവിഭാഗങ്ങളിലെ വിദ്യാർത്ഥികൾക്ക് നൽകുന്ന പ്രൊഫ.ജോസഫ് മുണ്ടശ്ശേരി സ്കോളർഷിപ്പ് 1333 വിദ്യാർത്ഥികൾക്ക് അനുവദിച്ചു. ഇതിലേക്കായി 1.5 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്. |

6) ന്യൂനപക്ഷ കേന്ദ്രീകൃത പ്രദേശങ്ങളിൽ കുടിവെള്ള വിതരണ പദ്ധതിക്ക് 17 ചെറുകിട പദ്ധതികൾക്ക് 4.5 കോടി രൂപ പദ്ധതി നിർവ്വഹണ ഏജൻസിയായ കേരള വാട്ടർ അതോറിറ്റിക്ക് കൈമാറിയിട്ടുണ്ട്.

7) സിവിൽ സർവ്വീസ് പരീക്ഷാ പരിശീലനത്തിൽ ഏർപ്പെട്ടിരിക്കുന്ന 111 വിദ്യാർത്ഥികൾക്ക് കോഴ്സ് ഫീസ്, ഹോസ്റ്റൽ ഫീസ് എന്നിവ റീ-ഇംബേഴ്സ് അനുവദിച്ചു. ഇതിലേക്കായി 24,68,475/ രൂപ ചെലവഴിച്ചിട്ടുണ്ട്.

8) ഉറുദു ഒന്നാം ഭാഷയായി പഠിച്ച് എല്ലാ വിഷയങ്ങൾക്കും എ+ നേടിയ 287 വിദ്യാർത്ഥികൾക്ക് 2,87,000/(രണ്ട് ലക്ഷത്തി എൺപത്തി ഏഴായിരം) രൂപ ക്യാഷ് അവാർഡ് നൽകി.

9) സി.എച്ച്. മുഹമ്മദ് കോയ ഗേൾസ് സ്കോളർഷിപ്പ്/ ഹോസ്റ്റൽ സ്റ്റൈപ്പന്റ് പദ്ധതിയിൽ 10050 വിദ്യാർത്ഥിനികൾക്ക് 6,58,76,000/ രൂപ ചെലവഴിച്ചു.

**സെക്ഷൻ ഓഫീസർ**